# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ആനന്ദേശ്വരം-ഇല്ലിച്ചിറ-മലയിൻതോട്-മണൽചിറ റോഡിന്റെ നിർമ്മാണം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2942

21.06.2013 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള അമ്പലപ്പുഴ മണ്ഡലത്തിലെ ആനന്ദേശ്വരം-ഇല്ലിച്ചിറ-മലയിൻതോട്-മണൽചിറ ഗ്രാമീണ റോഡിന്റെ നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ ആനന്ദേശ്വരം - ഇല്ലിച്ചിറ മലയിൽ തോട് - മണൽച്ചിറ എന്ന പേരിൽ റോഡ് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ മണ്ഡലത്തിലെ 'പുന്തല - ഇല്ലിച്ചിറ - പള്ളിച്ചിറ' എന്ന റോഡിന്റെ നിർമ്മാണത്തിനായി നിരവധി തവണ ദർഘാസ് ക്ഷണിച്ചെങ്കിലും പണി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറായില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അനുവദിച്ച റോഡുകളിൽ കരാർ ഉറപ്പിക്കാൻ കഴിയാത്ത വർക്കുകൾ ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് പ്രസ്തുത റോഡുകൾ ഈ പദ്ധതിയിൽ നിന്ന് ഉപേക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 494 കി.മീ ദൈർഘ്യം വരുന്ന 226 റോഡുകൾ പദ്ധതിയിൽ നിന്നും ഉപേക്ഷിക്കുന്നതിന് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |